**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കാസർഗോഡ് ജില്ലയിലെ പടന്ന ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിമാരായിരുന്ന ശ്രീ. പി.പി. രഘുനാഥൻ, ശ്രീ. മോഹൻദാസ്, ശ്രീ. പി.സി. പീതാംബരൻ, ശ്രീ. എൻ.വി. ചന്ദ്രൻ, ശ്രീ. വി. അശോകൻ എന്നിവർക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

=====================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.956/2019/തസ്വഭവ — തീയതി, തിരുവനന്തപുരം, 09.05.2019

=====================================================================

പരാമർശം:
1. തദ്ദേശ സ്വയംഭരണ വകുപ്പ് ഓംബുഡ്സ്മാന്റെ 18.04.2012--ലെ ഒ.പി.നം.117/2012 നമ്പർ ഉത്തരവ്
2. പഞ്ചായത്ത് ഡയറക്ടറുടെ 19.07.2012-ലെ ഡി9-12555/12(3) നമ്പർ കുറ്റപത്രം
3. 26.03.2015-ലെ കാസർഗോഡ് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡെപ്യൂട്ടി സൂപ്രണ്ടിന്റെ വിജിലൻസ് അന്വേഷണ റിപ്പോർട്ട്
4. പഞ്ചായത്ത് ഡയറക്ടറുടെ 15.03.2018-ലെ ഡി9-12555/2012 നമ്പർ നടപടിക്രമങ്ങൾ
5. പഞ്ചായത്ത് ഡയറക്ടറുടെ 26.06.2018-ലെ ഡി9-12555/2012 നമ്പർ കത്ത്

**ഉത്തരവ്**

ബഹു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാന്റെ ഒ.പി. നം.117/12 നമ്പർ കേസിലെ 18.04.2012-ലെ ഉത്തരവിലെ നിർദ്ദേശപ്രകാരം പടന്ന ഗ്രാമപഞ്ചായത്തിലെ ശ്രീമതി. കെ.വി. സുശീലയ്ക്ക് കൃഷി ആവശ്യത്തിന് ലീസിന് നൽകിയ പുഴ പുറമ്പോക്കിൽ ഷെഡ് നിർമ്മിച്ച് താൽക്കാലിക നമ്പർ അനുവദിച്ചതിന് ഉത്തരവാദിയായ സെക്രട്ടറിയുടെ പേരിൽ അച്ചടക്ക നടപടിയ്ക്ക് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സമയത്ത് സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന ഹെഡ് ക്ലാർക്ക് ശ്രീ. എം. ശശിധരനെതിരെ പരാമർശം (2) പ്രകാരം കുറ്റപത്രം പുറപ്പെടുവിച്ച് അച്ചടക്ക നടപടി ആരംഭിച്ചു.

ഈ വിഷയത്തിൽ ഗുരുതരമായ ക്രമക്കേട് നടന്നിട്ടുള്ളതായും 1997-98 മുതൽ പടന്ന ഗ്രാമപഞ്ചായത്തിൽ പുഴ പുറമ്പോക്ക് ഭൂമി കൃഷിക്കായി ലീസിന് നൽകി പ്രസ്തുത സ്ഥലത്ത് കെട്ടിട നിർമ്മാണം നടത്തി നിർമ്മിച്ച 250 -ലധികം കെട്ടിടങ്ങൾക്ക് താൽക്കാലിക നമ്പർ അനുവദിച്ചതായി ബോദ്ധ്യപ്പെട്ടതിനാൽ ഇക്കാര്യത്തിൽ വിശദമായ വിജിലൻസ് അന്വേഷണം നടത്തുന്നതിന് ശുപാർശ ചെയ്യുകയും ചെയ്തിരുന്നു. തുടർന്ന് ശ്രീ. ശശിധരൻ 31.10.2012-ൽ സർവ്വീസിൽ നിന്നും വിരമിക്കുകയും ചെയ്തു. വിജിലൻസ് അന്വേഷണവുമായി ബന്ധപ്പെട്ട് റിപ്പോർട്ടുകളോ മറ്റു നിർദ്ദേശങ്ങളോ ലഭിക്കാത്തതിനാലും കെ.സി.എസ്. (സിസി&എ) ചട്ടം പ്രകാരം നടപടി സ്വീകരിക്കാൻ നിർവ്വാഹമില്ലാത്തതിനാലും പഞ്ചായത്ത് ഡയറക്ടർ ടിയാനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി പരാമർശം (4) നടപടിക്രമങ്ങൾ പ്രകാരം അവസാനിപ്പിക്കുകയും കെഎസ്ആർ പാർട്ട് 3 പ്രകാരം നടപടി സ്വീകരിക്കുന്നതിനായി സർക്കാരിൽ ശുപാർശ ചെയ്യുകയും ചെയ്തിരുന്നു.

ഈ വിഷയം സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടക്കുന്നതിനാലും അന്തിമ റിപ്പോർട്ട് ലഭ്യമാകാത്തതിനാലും ശ്രീ. ശശിധരനെതിരെ തുടർനടപടി സ്വീകരിക്കുകയുണ്ടായില്ല. തുടർന്ന് വിജിലൻസ് അന്വേഷണം നടത്തി പരാമർശം (3) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ ആരോപണ വിധേയനായ ഉദ്യോഗസ്ഥൻ ശ്രീ. ശശിധരൻ 30.10.2012-ൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ശ്രീ. ശശിധരനെതിരെ വകുപ്പുതല നടപടികൾ സാധ്യമല്ലാത്തതിനാൽ തുടർനടപടികൾ ആവശ്യമില്ലായെന്ന് റിപ്പോർട്ട് ചെയ്യുകയും സർക്കാർ അത് അംഗീകരിക്കുകയുമുണ്ടായി. കൂടാതെ പ്രസ്തുത അന്വേഷണ റിപ്പോർട്ടിൽ, സ്വന്തം പേരിൽ ഭൂമി ഉണ്ടായിട്ടും പഞ്ചായത്തിന്റെ പുഴ പുറമ്പോക്ക് ഭൂമി കൈയ്യേറി അനധികൃതമായി കൈവശം വച്ചിരിക്കുന്ന ആളുകളെ കണ്ടെത്തി അവരുടെ കൈവശമുള്ള പുറമ്പോക്ക് ഭൂമി പഞ്ചായത്തിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിനും, വർഷങ്ങളായി പുറമ്പോക്ക് ഭൂമിയിൽ താമസിച്ചു വരുന്നവരും സ്വന്തം പേരിൽ ഭൂമിയില്ലാത്തവരുമായ ആളുകളുടെ കാര്യത്തിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതിനും കാസർഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകേണ്ടതാണ് എന്ന് ശുപാർശ ചെയ്യുകയുമുണ്ടായി. അപ്രകാരമുള്ള നിർദ്ദേശം പഞ്ചായത്ത് ഡയറക്ടർക്ക് നൽകിയിരുന്നു.

തുടർന്ന് ഈ വിഷയത്തിൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ പടന്ന ഗ്രാമപഞ്ചായത്തിൽ പുഴ പുറമ്പോക്ക് കൃഷി ഭൂമിയ്ക്കായി ലീസിന് നൽകിയ ശേഷം വ്യാപകമായി വാസഗൃഹങ്ങൾ നിർമ്മിച്ചതിന് താൽക്കാലിക കെട്ടിട നമ്പർ നൽകിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടിയ്ക്കും പാട്ട കാലാവധി കഴിഞ്ഞ ഭൂമി തിരികെ ലഭ്യമാക്കുന്നതിനും പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയതിനെത്തുടർന്ന് 8 സെക്രട്ടറിമാരും 6 ജീവനക്കാരും കൃത്യവിലോപം കാട്ടിയതായി കണ്ട് ഈ 14 പേർക്കെതിരെ പഞ്ചായത്ത് ഡയറക്ടർ കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടി ആരംഭിച്ചുവെന്നും പടന്ന ഗ്രാമപഞ്ചായത്തിൽ റവന്യൂ വരുമാനം തീരെ കുറവായതിനാൽ വളരെ കാലം മുമ്പുതന്നെ പുഴ പുറമ്പോക്ക് ഭൂമി കാർഷിക ആവശ്യത്തിന് ഉപയോഗിക്കുന്നതിനായി ഭരണസമിതിയുടെ അംഗീകാരത്തോടുകൂടി പാട്ടത്തിന് നൽകി വന്നിരുന്നതിൽ പൊതുമുതലായ പുഴ പുറമ്പോക്ക് പാട്ട കാലാവധി കഴിഞ്ഞ് വ്യക്തികളിൽ നിന്ന് ഈടാക്കുന്നതിൽ പഞ്ചായത്ത് സെക്രട്ടറിമാർക്ക് വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിലും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും സർക്കുലറുകളുടെയും അടിസ്ഥാനത്തിലാണ് റേഷൻ കാർഡ്, വൈദ്യുതി കുടിവെള്ളം എന്നിവ ലഭിക്കുന്നതിന് പ്രസ്തുത സ്ഥലത്തെ കെട്ടിടങ്ങൾക്ക് താൽക്കാലിക നമ്പർ അനുവദിച്ചത് എന്നും മേൽ പരാമർശിച്ച വളരെ സങ്കീർണ്ണവും പാരിസ്ഥിതിക പ്രശ്നങ്ങൾ ഉയർത്തുന്നതും പുഴപുറമ്പോക്ക് കൈയ്യേറ്റവുമായി ബന്ധപ്പെട്ട് 14 ജീവനക്കാർക്ക് കുറ്റപത്രം നൽകിയതിന്മേൽ ജീവനക്കാർ നൽകിയ എതിർവാദ പത്രികയും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടും പരിഗണിച്ച് റിട്ടയർ ചെയ്ത ജീവനക്കാർ ഒഴികെയുള്ള ജീവനക്കാരുടെ അച്ചടക്ക നടപടി ശാസന നൽകി തീർപ്പാക്കിയിട്ടുണ്ട് എന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ സേവനത്തിൽ നിന്നും വിരമിച്ച പ്രസ്തുത വീഴ്ചകൾക്കുത്തരവാദികളായ സെക്രട്ടറിമാരായ ശ്രീ. പി.പി. രഘുനാഥൻ, ശ്രീ. മോഹൻദാസ്, ശ്രീ. പി.സി. പീതാംബരൻ, ശ്രീ. എൻ.വി. ചന്ദ്രൻ, ശ്രീ. വി. അശോകൻ എന്നിവർക്കെതിരെ നടപടി സ്വീകരിക്കാൻ കഴിയാത്തതിനാലാണ് തുടർനടപടി സ്വീകരിക്കാൻ സർക്കാരിലേയ്ക്ക് സമർപ്പിച്ചതെന്നും അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. പി.പി. രഘുനാഥൻ, ശ്രീ. മോഹൻദാസ്, ശ്രീ. പി.സി. പീതാംബരൻ, ശ്രീ. എൻ.വി. ചന്ദ്രൻ, ശ്രീ. വി. അശോകൻ എന്നിവർ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ടിയാളുകൾക്കെതിരെ തുടർനടപടികൾ സ്വീകരിക്കേണ്ടതില്ലായെന്നു കാണുന്നു. ഈ സാഹചര്യത്തിൽ പടന്ന ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിമാരായിരുന്ന ശ്രീ. പി.പി.

രഘുനാഥൻ, ശ്രീ. മോഹൻദാസ്, ശ്രീ. പി.സി. പീതാംബരൻ, ശ്രീ. എൻ.വി. ചന്ദ്രൻ, ശ്രീ. വി. അശോകൻ എന്നിവർക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഷീബ ബി.**
ഡെപ്യൂട്ടി സെക്രട്ടറി

1. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, പടന്ന ഗ്രാമപഞ്ചായത്ത്
(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.69197/ഇപിബി3/2013/തസ്വഭവ)

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ